compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 05
Tuesday, 05th August 2025

1200 കർക്കടകം 20
20th Karkadakam 1200

1947 ശ്രാവണം 14
14th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **31**
No.

Part III

Medical Education Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

[നമ്പർ 05/2021]

നമ്പർ ഡി4/2053/2024/സ.മെ.കോ.തി. 2025 ജൂലൈ 30.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസ്, പാങ്ങപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാങ്ങപ്പാറ സബ് സെന്റർ എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സിനോട് ചേർന്നു നിൽക്കുന്ന ഫലവൃക്ഷങ്ങൾ ഒഴികെയുള്ളവയിൽ നിന്നും 13-9-2025 മുതൽ 12-9-2026 വരെയുള്ള ഒരു വർഷക്കാലം ആദായമെടുക്കുന്നതിലേക്കായി മത്സരസ്വഭാവമുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് അടക്കം ചെയ്യുന്ന കവറിനു മുകളിൽ ദർഘാസ് നമ്പർ എഴുതേണ്ടതും വ്യക്തമായി പൂരിപ്പിച്ച് വെട്ടിത്തിരുത്തലുകൾ ഇല്ലാതെ പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695 011, കേരളം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതുമാണ്. ദർഘാസുകൾ താഴെ ചേർത്തിട്ടുള്ള തീയതിയിലും സമയത്തും അപ്പോൾ ഹാജരായിട്ടുള്ള ദർഘാസ് സമർപ്പിച്ചവരുടെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. വൈകിക്കിട്ടുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

ദർഘാസ് സമർപ്പിക്കുവാൻ താൽപര്യമുള്ളവർ മെഡിക്കൽ കോളേജ് ഓഫീസിൽ അപേക്ഷിക്കുന്ന പക്ഷം ആവശ്യമായ ദർഘാസ് ഫോറങ്ങൾ താഴെ കൊടുക്കുന്ന പ്രകാരം തുക അടച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ചെക്കുകൾ, പോസ്റ്റേജ് സ്റ്റാമ്പ്, ഡ്രാഫ്റ്റ് എന്നിവ ദർഘാസ് ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറം വി. പി. പി. ആയി അയയ്ക്കുന്നതല്ല.

തറ വില—₹ 1,06,703.

നിരതദ്രവ്യം—1% (₹ 1,067).

ദർഘാസ് ഫോറത്തിന്റെ വില (നികുതി സഹിതം):

ഒറിജിനൽ—₹ 672.

ഡ്യൂപ്ലിക്കേറ്റ്—₹ 336.

ദർഘാസ് ഫോറം വിൽക്കപ്പെടുന്ന അവസാന തീയതിയും സമയവും—1-9-2025, 3 മണി.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—2-9-2025, 2.30 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—2-9-2025, 3 മണി.

ദർഘാസ് നിരക്ക് പ്രാബല്യത്തിലിരിക്കുന്ന തീയതി—31-3-2026.

ക്രമനമ്പർ	ഇനം	എണ്ണം
1	തെങ്ങ്	128
2	മാവ്	13
3	പുളി	14
4	പ്ലാവ്	15

കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് ഈ ആഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ടെണ്ടർ നടപടികൾ മുന്നറിയിപ്പില്ലാതെ നീട്ടിവയ്ക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിബന്ധനകൾ

1. ലേലം പിടിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ലേലത്തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കേണ്ടതും ലേലത്തുക 3 ദിവസത്തിനകം ഓഫീസിൽ അടച്ച് രസീത് വയ്ക്കേണ്ടതും ₹ 200-ന്റെ മുദ്രപത്രത്തിൽ കരാർ എഴുതി സമർപ്പിക്കേണ്ടതുമാകുന്നു.

2. ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ലേലം പിടിച്ചയാൾ പണം കെട്ടിവയ്ക്കാതെയോ മറ്റെന്തെങ്കിലും വീഴ്ചവരുത്തുകയോ ചെയ്താൽ ലേലം റദ്ദ് ചെയ്ത് പുനർലേലം ചെയ്യുന്നതും ഇതുമൂലം ഉണ്ടാകാവുന്ന സകലവിധ നഷ്ടങ്ങളും ടിയാന്റെ സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കാവുന്നതും ലാഭമുണ്ടായാൽ ടിയാന് അവകാശപ്പെടാൻ അർഹതയില്ലാത്തതുമാകുന്നു.

3. കരാർ ഒപ്പിട്ട് നൽകി ഉത്തരവ് കൈപ്പറ്റിയശേഷം മാത്രമേ ആദായമെടുക്കാൻ പാടുള്ളൂ.

4. മെഡിക്കൽ കോളേജ് ക്യാമ്പസിൽ ശ്രീചിത്ര മെഡിക്കൽ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, ക്വാർട്ടേഴ്സുകളോടു ചേർന്നുള്ളവ എന്നിവയൊഴികെ നമ്പരിട്ട ഫലവൃക്ഷത്തിൽ നിന്നുമാത്രമേ ആദായമെടുക്കുവാൻ പാടുള്ളൂ.

5. കായ്ഫലമുള്ളതോ അല്ലാത്തതോ ആയ ഏതെങ്കിലും മരങ്ങൾ സർക്കാരിന്റെ ആവശ്യത്തിലേക്ക് മുറിച്ച് മാറ്റേണ്ടിവന്നാൽ അതിനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. ഇങ്ങനെ മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരവും നൽകുന്നതല്ല. ആദായമെടുക്കുന്നതിന് മുൻപ് കരാറുകാരൻ ഈ സ്ഥാപനത്തിലെ സെക്യൂരിറ്റി ഓഫീസർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനെ സമീപിച്ച് അനുവാദം വാങ്ങേണ്ടതാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ കരാറുകാരൻ ആദായമെടുക്കുവാൻ പാടുള്ളൂ.

6. ആദായമെടുക്കുന്ന സമയത്ത് വൃക്ഷങ്ങൾക്കോ മറ്റ് വസ്തുക്കൾക്കോ യാതൊരുവിധ കേടുപാടുകളും സംഭവിക്കാൻ പാടുള്ളതല്ല. തെങ്ങുകളിൽ നിന്നും പഴുത്ത ഓലകൾ മാത്രമേ വെട്ടിയെടുക്കുവാൻ പാടുള്ളൂ. പച്ച ഓലകളോ വിളയാത്ത നാളികേരമോ വെട്ടി തെങ്ങുകൾക്ക് കേടു സംഭവിച്ചാൽ അതിൻമേൽ ഉണ്ടാകുന്ന നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിന് ഉണ്ടായിരിക്കുന്നതാണ്.

7. വൃക്ഷങ്ങളിൽ നിന്നും ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനോ തറയിൽ കൃഷി ചെയ്യുന്നതിനോ ഉള്ള അവകാശം കരാറുകാരന് ഉണ്ടായിരിക്കുന്നതല്ല.

8. കരാർ കാലാവധിക്ക് മുൻപുള്ള ആദായമെടുക്കുന്നതിന് ഒരാഴ്ച മുൻപ് കരാറുകാരൻ രേഖാമൂലം ഓഫീസിൽ വിവരമറിയിക്കേണ്ടതും പ്രിൻസിപ്പാൾ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ മാത്രം ആദായം എടുക്കേണ്ടതുമാണ്. ഇതിനു വിപരീതമായി പ്രവർത്തിച്ചാൽ ഇതിൻമേൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള സകല നഷ്ടങ്ങൾക്കും ആ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

9. ഈ ടെണ്ടറിന്റെ തറവില പരസ്യത്തിൽ കാണിച്ചിട്ടുണ്ട്. ആ തുകയിൽ കുറവു വരുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.

10. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായിട്ടുള്ള എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമാണ്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, (ഒപ്പ്)
തിരുവനന്തപുരം. പ്രിൻസിപ്പാൾ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.05 02:34:02 +05:30